**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 362** **23-01-2025 - ൽ മറുപടിയ്ക്ക്**

**തദ്ദേശസ്വയംഭരണ വകുപ്പിലെ പ്രൊമോഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | തദ്ദേശസ്വയംഭരണ വകുപ്പ് രൂപീകരിച്ചപ്പോൾ അതിന്റെ ഭാഗമായ നഗരകാര്യ ഡയറക്ടറേറ്റിൽ ജോലിചെയ്യുന്നവരിൽ നിന്ന് മാത്രമുള്ള സീനിയർ ക്ലാർക്കുമാർ പ്രൊമോഷനായി ജൂനിയർ സൂപ്രണ്ട് ആകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വകുപ്പിലെ മറ്റ് ജീവനക്കാർക്ക് ഇല്ലാത്ത ആനുകൂല്യം എങ്ങനെ സാധ്യമായിയെന്ന് അറിയിക്കാമോ; വിശദമാക്കാമോ; | (എ) | ഉണ്ട്. മുൻ നഗരകാര്യ വകുപ്പിൽ ഹെഡ് ക്ലാർക്ക് തസ്തിക ഇല്ലാതിരുന്ന സാഹചര്യത്തിൽ സീനിയർ ക്ലർക്ക് തസ്തികയിൽ നിന്നും, നേരിട്ട് ജൂനിയർ സൂപ്രണ്ട് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകുന്ന രീതിയാണ് നിലനിന്നിരുന്നത്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഭാഗമായി മാറിയിട്ടുള്ള ജീവനക്കാർക്ക് സീനിയോറിറ്റി, പ്രമോഷൻ തുടങ്ങിയവയിൽ തദ്ദേശസ്വയംഭരണ വകുപ്പ് നിലവിൽ വരുന്നതിനു മുൻപ് ലഭ്യമായിരുന്ന എല്ലാ അവകാശങ്ങളും തുടർന്നും ലഭ്യമാകുന്നതാണ് എന്ന് തദ്ദേശസ്വയംഭരണ വകുപ്പ് വിശേഷാൽ ചട്ടങ്ങളിലെ (27.10.2022 ലെ GO (P) No.74/2022/LSGD) ചട്ടം 12(2) ൽ വ്യവസ്ഥ ചെയ്തിരിക്കുന്നതിനാലാണ് മുൻ നഗരകാര്യ വകുപ്പിലെ സീനിയർ ക്ലർക്ക് തസ്തികയിൽ ജീവനക്കാർക്ക് ജൂനിയർ സൂപ്രണ്ട് തസ്തികയിലേക്ക് സ്ഥാനക്കയറ്റം അനുവദിക്കുന്നത്. |
| (ബി) | മറ്റെല്ലാ തദ്ദേശസ്വയംഭരണ വകുപ്പുകളിലും ഹെഡ് ക്ലാർക്ക് /റവന്യൂ ഇൻസ്പെക്ടർ തസ്തികയിൽ നിന്ന് മാത്രമേ ജൂനിയർ സൂപ്രണ്ട് പ്രൊമോഷൻ ലഭിക്കുകയുള്ളൂ എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (ബി) | ഉണ്ട്. |
| (സി) | മുൻസിപ്പൽ കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും എച്ച്.സി., ആർ.ഐ., ജൂനിയർ സൂപ്രണ്ട്, സീനിയർ സൂപ്രണ്ട്, അക്കൗണ്ട്സ് ഓഫീസർ, റവന്യൂ ഓഫീസർ, കൗൺസിൽ സെക്രട്ടറി, ഡെപ്യൂട്ടി സെക്രട്ടറി എന്നീ തസ്തികകളിൽ ഗ്രാമവികസനം, പഞ്ചായത്ത്, അർബൻ അഫയേഴ്സ്, തദ്ദേശ സ്വയംഭരണ എൻജിനീയറിങ് എന്നീ വകുപ്പുകളിൽനിന്നും എത്ര ജീവനക്കാരെ | (സി) | മുൻസിപ്പൽ കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും ജൂനിയർ സൂപ്രണ്ട്, റവന്യൂ ഇൻസ്പെക്ടർ ഗ്രേഡ്-2 തസ്തികകളിൽ 62 ജീവനക്കാരെയും ഹെഡ് ക്ലർക്ക്/സീനിയർ എക്സ്റ്റൻഷൻ ഓഫീസർ തസ്തികകളിൽ 61 ജീവനക്കാരെയും അക്കൗണ്ട്സ് ഓഫീസർ, റവന്യൂ ഓഫീസർ, കൗൺസിൽ സെക്രട്ടറി, ഡെപ്യൂട്ടി സെക്രട്ടറി എന്നീ തസ്തികകളിൽ 13 ജീവനക്കാരെയും ഗ്രാമവികസനം, പഞ്ചായത്ത്, |

| | | | |
|---|---|---|---|
| | പ്രൊമോഷൻ, സ്ഥലംമാറ്റം എന്നിവ മുഖേന നിയമിച്ചിട്ടുണ്ടെന്ന വിവരം ലഭ്യമാക്കാമോ; | | അർബൻ അഫയേഴ്സ്, തദ്ദേശ സ്വയംഭരണ എൻജിനീയറിങ് എന്നീ വകുപ്പുകളിൽ നിന്നും പ്രമോഷൻ, സ്ഥലംമാറ്റം എന്നിവയിലൂടെ നിയമിച്ചിട്ടുണ്ട്. |
| (ഡി) | മുനിസിപ്പൽ കോമൺ സർവീസിൽ ജോലിയിൽ പ്രവേശിക്കുകയും എൽ.എസ്.ജി.ഡി. പൊതു സർവീസിന്റെ ഭാഗമായി എൽ.എസ്.ജി.ഡി ജോയിന്റ് ഡയറക്ടർ ഓഫീസിലേക്ക് സ്ഥലംമാറ്റം ലഭിച്ച്, അവിടെ നിന്നും റിട്ടയർ ചെയ്ത ജീവനക്കാരുടെ പെൻഷൻ കമ്മ്യൂട്ടേഷൻ, ഡി.സി.ആർ.ജി, ഇ.എൽ. ടെർമിനൽ സറണ്ടർ എന്നിവ അനുവദിക്കേണ്ട ഓഫീസ്, അധികാരി എന്നിവ അറിയിക്കുമോ; | (ഡി) | **മുനിസിപ്പൽ കോമൺ സർവീസിൽ ജോലിയിൽ പ്രവേശിക്കുകയും തദ്ദേശ സ്വയംഭരണ വകുപ്പ് സംയോജനത്തിലൂടെ ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിലേക്ക് സ്ഥലം മാറ്റം ലഭിക്കുകയും ചെയ്ത ജീവനക്കാരുടെ പെൻഷൻ കമ്മ്യൂട്ടേഷൻ, ഡി.സി.ആർ.ജി എന്നിവ അനുവദിച്ച് ഉത്തരവാകുന്നത് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റിൽ നിന്നാണ്. അർബൻ ഡയറക്ടറാണ് ബന്ധപ്പെട്ട അധികാരി. പെൻഷൻ ആനുകൂല്യങ്ങൾ അപേക്ഷകൻ ഓപ്ഷൻ നൽകുന്ന നഗരകാര്യ സ്ഥാപനത്തിൽ നിന്നും ലഭ്യമാകുന്ന തരത്തിലാവും ഉത്തരവ് പുറപ്പെടുവിക്കുക. തദ്ദേശ സ്വയംഭരണ പൊതുസർവീസിന്റെ ഭാഗമായി മുനിസിപ്പൽ കോമൺ സർവീസിലെ ജീവനക്കാർ സ്ഥലംമാറ്റപ്പെട്ട് മറ്റ് തദ്ദേശസ്വയംഭരണ വകുപ്പുകളിൽ ജോലി നോക്കി വരവെ റിട്ടയർ ചെയ്യുന്ന സാഹചര്യത്തിൽ ടി ജീവനക്കാരുടെ ടെർമിനൽ സറണ്ടർ ടി ജീവനക്കാരെ മുനിസിപ്പൽ കോമൺ സർവീസിലെ ജീവനക്കാരായി കണക്കാക്കി അനുവദിക്കുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്.** |
| (ഇ) | ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിൽ സ്ഥലംമാറ്റം ലഭിക്കുന്ന ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ അംഗീകരിച്ച് വെരിഫിക്കേഷൻ റിപ്പോർട്ട് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച ഡി.ഇ.വി-4/267/2023--Part(1) -കമ്പ്യൂട്ടർ നമ്പർ 2828967 ഫയലിൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; പെൻഷൻ ആനുകൂല്യങ്ങളെ സംബന്ധിച്ച് നിലവിലുള്ള ഫയലുകളായ ഇ.യു./ എൽ.എസ്.ജി.ഡി./2624752, ഫിനാൻസ് ഫയൽ നമ്പർ. 2870741/റൂൾസ് ഫിനാൻസ് എന്നിവയിൽ ഉണ്ടായിരിക്കുന്ന നടപടികൾ വിശദീകരിക്കാമോ; ഇവയിൽ ഉത്തരവ് ഉണ്ടായിട്ടുണ്ടെങ്കിൽ ആയത് ലഭ്യമാക്കാമോ; | (ഇ) | ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിൽ സ്ഥലംമാറ്റം ലഭിക്കുന്ന ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ അംഗീകരിച്ച് വെരിഫിക്കേഷൻ റിപ്പോർട്ട് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച ഡി.ഇ.വി-4/267/2023--Part(1) - കമ്പ്യൂട്ടർ നമ്പർ 2828967- ധനവകുപ്പിന്റെ ഫയലിലെ അഭിപ്രായത്തിന്റെയടിസ്ഥാനത്തിൽ 11.11.2024, 29.11.2024, 07.01.2025 തീയതികളിലെ ഇ.യു3/314/2023/തസ്വഭവ-നമ്പർ കത്തുകൾ പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർക്ക് സ്പഷ്ടീകരണം നൽകിയിട്ടുള്ളതാണ്. മേൽ വിഷയവുമായി ബന്ധപ്പെട്ട ഇ.യു3/314/2023/തസ്വഭവ (കമ്പ്യൂട്ടർ നമ്പർ 2624752) നമ്പർ ഫയൽ ധനകാര്യ വകുപ്പിൽ അഭിപ്രായത്തിനായി നൽകിയിട്ടുള്ളതും പ്രസ്തുത വിഷയം 2870741 നമ്പർ ഫയലിൽ ധനവകുപ്പിൽ പരിശോധനയിലുമാണ്. |
| (എഫ്) | മുനിസിപ്പൽ കോമൺ സർവീസിൽ ജോലിയിൽ പ്രവേശിക്കുകയും എൽ.എസ്.ജി.ഡി. പൊതു സർവീസിന്റെ ഭാഗമാകുകയും ഇപ്പോൾ ഡെപ്യൂട്ടേഷനിൽ ജോലിനോക്കുകയും ചെയ്യുന്ന | (എഫ്) | മുനിസിപ്പൽ കോമൺ സർവീസിൽ ജോലിയിൽ പ്രവേശിക്കുകയും തദ്ദേശ സ്വയംഭരണ വകുപ്പ് സംയോജനത്തിലൂടെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഭാഗമാവുകയും ചെയ്ത മുനിസിപ്പൽ |

| | | | |
|---|---|---|---|
| | ജീവനക്കാർ വിരമിക്കുമ്പോൾ അവരുടെ പെൻഷൻ, കമ്മ്യൂട്ടേഷൻ, ഡി.സി.ആർ .ജി, ഇ.എൽ. ടെർമിനൽ സറണ്ടർ എന്നിവ അനുവദിക്കേണ്ട ഓഫീസ്, അധികാരി എന്നിവ അറിയിക്കുമോ? | | കോമൺ സർവീസ് ജീവനക്കാർ ഡെപ്യൂട്ടേഷനിൽ സേവനമനുഷ്ഠിക്കുകയാണെങ്കിൽ ടി ജീവനക്കാരുടെ പെൻഷൻ കമ്മ്യൂട്ടേഷൻ, ഡി.സി.ആർ.ജി എന്നിവ അനുവദിച്ച് ഉത്തരവാകുന്നത് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റിൽ നിന്നാണ്. അർബൻ ഡയറക്ടറാണ് ബന്ധപ്പെട്ട അധികാരി. പെൻഷൻ ആനുകൂല്യങ്ങൾ അപേക്ഷകൻ ഓപ്ഷൻ നൽകുന്ന നഗരകാര്യ സ്ഥാപനത്തിൽ നിന്നും ലഭ്യമാകുന്ന തരത്തിലാവും ഉത്തരവ് പുറപ്പെടുവിക്കുക. തദ്ദേശ സ്വയംഭരണ പൊതുസർവീസിന്റെ ഭാഗമായി മുനിസിപ്പൽ കോമൺ സർവീസിലെ ജീവനക്കാർ സ്ഥലംമാറ്റപ്പെട്ട് മറ്റ് തദ്ദേശസ്വയംഭരണ വകുപ്പുകളിൽ ജോലി നോക്കി വരവെ റിട്ടയർ ചെയ്യുന്ന സാഹചര്യത്തിൽ ടി ജീവനക്കാരുടെ ടെർമിനൽ സറണ്ടർ ടി ജീവനക്കാരെ മുനിസിപ്പൽ കോമൺ സർവീസിലെ ജീവനക്കാരായി കണക്കാക്കി അനുവദിക്കുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ